പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1564 **01-07-2026-ൽ മറുപടിയ്ക്ക്**

തിരുവനന്തപുരം ആർ. സി. സി. ലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നത്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. മുരളീധരൻ ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) കേരളത്തിൽ കാൻസർ രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു വരുന്ന സാഹചര്യം പഠനവിധേയമാക്കിയിട്ടുണ്ടോ;വ്യക്തമാക്കാമോ;

മറുപടി: കേരളത്തിലെ ജീവിതശൈലിമാറ്റങ്ങളും, ഉന്നതനിലവാരമുള്ള അർബുദ നിർണ്ണയ സംവിധാനങ്ങളും നിമിത്തം കാൻസർ രോഗ ചികിത്സ സംവിധാനങ്ങളിലൂടെയുള്ള വിവരശേഖരണത്തിൽ അർബുദ രോഗ കണക്കുകളിൽ ആനുപാതികമായ വളർച്ച കാണാൻ സാധിക്കുന്നുണ്ട്. കേരളത്തിലെ അർബുദ രോഗ കണക്കുകൾ ശേഖരിക്കുന്നതിനായി എം.സി.സി-യിലും ആർ.സി.സി-യിലും ജനസംഖ്യാധിഷ്ഠിത രെജിസ്റ്ററി പ്രവർത്തിക്കുന്നുണ്ട്. 11 ജില്ലയിലെ കണക്കുകൾ ഇതുവഴി ശേഖരിച്ചു വരുന്നു. ഓരോ വർഷവും ഒരു ലക്ഷത്തിൽ 170-180 വരെയാണ് പുതിയ രോഗികൾ എന്ന് ഈ കണക്കുകൾ പറയുന്നു.

തെക്കൻ കേരളത്തിൽ വർഷംതോറും പുതുതായി ഉണ്ടാവുന്ന കാൻസർ രോഗികളുടെ എണ്ണം തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിലെ കാൻസർ രജിസ്ട്രി വഴി ശേഖരിച്ചു വരുന്നു.

2019 മുതൽ 2023 വരെ ഉള്ള വർഷങ്ങളിലെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളിലെ കാൻസർ രജിസ്ട്രി കണക്കുകൾ പ്രകാരം രോഗബാധിതരുടെ എണ്ണത്തിൽ 15 ശതമാനം വർദ്ധനവ് ഉണ്ട്.

മലബാർ കാൻസർ സെന്റർ 2010 മുതൽ 2022 വരെയുള്ള ആശുപത്രി അധിഷ്ഠിത കാൻസർ രജിസ്ട്രി കണക്കുകൾ പ്രകാരം നടത്തിയ പഠനത്തിൽ, ചികിത്സക്കായി വന്ന രോഗികളിൽ ഗണ്യമായ വർദ്ധനവ് കാണാൻ സാധിക്കുന്നുണ്ട്. പുരുഷന്മാരിൽ ശ്വാസകോശാർബുദവും (5971) സ്ത്രീകളിൽ സ്തനാർബുദവും(7973) കൂടുതലായി കാണാൻ സാധിക്കുന്നു.

തിരുവനന്തപുരത്തെ റീജിയണൽ കാൻസർ സെന്ററിന്റെ 2017-ലെ ആശുപത്രി അധിഷ്ഠിത കാൻസർ രെജിസ്ട്രി റിപ്പോർട്ട് പ്രകാരം, പുരുഷന്മാരിൽ ഏറ്റവും സാധാരണമായതിൽ വായിലെ അർബുദവും, ശ്വാസകോശത്തിലെ അർബുദവും, സ്ത്രീകളിലേത് സ്തനാർബുദവും, തൈറോയ്ഡ്ഗ്രന്ഥിയിലെ അർബുദവുമാണ്. വർധിച്ചുവരുന്ന രോഗത്തിനെതിരെ പ്രതിരോധ നടപടികൾ അത്യാവശ്യമായതിനാൽ നിലവിലെ കാൻസർ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് വ്യക്തമായ ദിശാബോധം നൽകുന്നതിനും, സമയബന്ധിതമായി അവ നടപ്പിലാക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ അടങ്ങിയ "കേരള കാൻസർ കൺട്രോൾ സ്ട്രാറ്റജി 2018-30 (KCCS 2018-30) എന്ന നയരേഖ സർക്കാർ പുറത്തിറക്കിയിട്ടുണ്ട്. ലോകാരോഗ്യസംഘടനയിലെയും ഇന്ത്യയിലെയും

കേരളത്തിലെയും അർബുദ രോഗവിദഗ്ധർ വിവിധ തലങ്ങളിൽ ചർച്ച ചെയ്താണ് ഈ നയരേഖ തയ്യാറാക്കിയിട്ടുള്ളത്. കാൻസർ നിയന്ത്രണത്തിന്റെ എല്ലാ വശങ്ങളും ഉൾക്കൊള്ളുന്ന സമഗ്രമായ സമീപനമാണ് കേരള കാൻസർ കൺട്രോൾ സ്ട്രാറ്റജി. ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെ 'കേരളം കാൻസർ ബെർഡൻ പ്രൊഫൈൽ-2026' എന്ന പേരിൽ പ്രസിദ്ധീകരിച്ച സമഗ്ര റിപ്പോർട്ട് **അനുബന്ധം- I** ആയി ചേർക്കുന്നു.

(ബി) ക്യാൻസർ ചികിത്സയ്ക്കായി കേരളത്തിൽ നിലവിൽ ലഭ്യമായ സൗകര്യങ്ങൾ വിശദീകരിക്കാമോ;

മറുപടി: തിരുവനന്തപുരം, RCC യിൽ – നിലവിലുള്ള കാൻസർ ചികിത്സാ സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു

ക്ലിനിക്കൽ സേവനങ്ങൾ: പീഡിയാട്രിക് ഓങ്കോളജി, റേഡിയേഷൻ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി, മെഡിക്കൽ ഓങ്കോളജി (ഹീമാറ്റോളജി & ഹീമാറ്റോ-ഓങ്കോളജി, ഓട്ടോളോഗസ്, അലോജീനിക് ബോൺ മാരോ ട്രാൻസ്പ്ലാന്റ്), പാലിയേറ്റീവ് മെഡിസിൻ, പ്രിവന്റീവ് ഓങ്കോളജി, കമ്മ്യൂണിറ്റി കാൻസർ സ്ക്രീനിംഗ്, കാൻസർ പുനരധിവാസം, വേദന നിയന്ത്രണ ക്ലിനിക്കുകൾ, സൈക്കോ-ഓങ്കോളജി, സർവൈവർഷിപ്പ് ക്ലിനിക്കുകൾ.

ശസ്ത്രക്രിയാ സൗകര്യങ്ങൾ : പ്രധാന ഓങ്കോ ശസ്ത്രക്രിയകൾ, ലാപറോസ്കോപിക് കാൻസർ ശസ്ത്രക്രിയ, ഹെഡ് & നെക്ക് റീകൺസ്ട്രക്ഷൻ, ബ്രെസ്റ്റ് കൺസർവേഷൻ, ഓൺകോപ്ലാസ്റ്റിക് ബ്രെസ്റ്റ് സർജറി, ഗൈനക്കോളജിക്, തോറാസിക്, ജിഐ, യൂറോ ഓങ്കോ സർജറികൾ, പ്ലാസ്റ്റിക് & റീകൺസ്ട്രക്ടീവ് സർജറി, മൈക്രോവാസ്കുലാർ സർജറി, റോബോട്ടിക് സർജറി, അനസ്തീഷ്യ & ക്രിട്ടിക്കൽ കെയർ.

റേഡിയേഷൻ തെറാപ്പി : EBRT, IMRT, VMAT, IGRT, SBRT, SRS, 3D-CRT, ഇലക്ട്രോൺ ബീം, HDR ബ്രാക്കിയതെറാപ്പി, SGRT, CT അധിഷ്ഠിത പ്ലാനിംഗ്, ഡോസിമെട്രി & ക്വാളിറ്റി അഷ്വറൻസ്.

സിസ്റ്റമിക് ചികിത്സ:- കീമോതെറാപ്പി, ടാർഗെറ്റഡ് തെറാപ്പി, ഇമ്മ്യൂണോതെറാപ്പി, ഹോർമോൺ തെറാപ്പി, ബൈസ്പെസിഫിക് ആന്റിബോഡി തെറാപ്പി, പ്രിസിഷൻ ഓങ്കോളജി, ക്ലിനിക്കൽ ട്രയൽ അടിസ്ഥാനത്തിലുള്ള ചികിത്സകൾ

BMT & ഡയഗ്നോസ്റ്റിക് സേവനങ്ങൾ :- സ്റ്റം സെൽ ശേഖരണം, ക്രയോപ്രിസർവേഷൻ, ഹിസ്റ്റോപാത്തോളജി, സൈറ്റോപാത്തോളജി, IHC, ഫ്ലോ-സൈറ്റോമെട്രി, മോളിക്യുലർ പാത്തോളജി, FISH, PCR, ബോൺ മാരോ പരിശോധന.

ഇമേജിംഗ് & ന്യൂക്ലിയർ മെഡിസിൻ:- ഡിജിറ്റൽ എക്സ്-റേ, അൾട്രാസൗണ്ട്, CT, MRI, PET-CT, SPECT-CT, മാമോഗ്രാഫി, ഫ്ലൂറോസ്കോപ്പി, ഇന്റർവെൻഷണൽ റേഡിയോളജി, റേഡിയോഐഡിൻ തെറാപ്പി, തെറാനോസ്റ്റിക്സ്.

മറ്റു സേവനങ്ങൾ : എൻഡോസ്കോപ്പി, ലബോറട്ടറി സേവനങ്ങൾ, രക്തബാങ്ക്, ICU/HDU, ട്യൂമർ ബോർഡുകൾ, ക്ലിനിക്കൽ ട്രയലുകൾ, കാൻസർ രജിസ്ട്രി, തമ്പാക വിരുദ്ധ ക്ലിനിക്, DM/MCh/MD/PhD പരിശീലനം.

സംസ്ഥാനത്ത് കാൻസർ രോഗനിർണ്ണയത്തിലും, ചികിത്സയിലും, മലബാർ കാൻസർ സെന്ററിൽ (പി.ജി.ഐ.ഒ.എസ്.ആർ) സർജിക്കൽ ഓങ്കോളജി, റേഡിയേഷൻ ഓങ്കോളജി, ക്ലിനിക്കൽ ഹെമറ്റോളജി ആൻഡ് മെഡിക്കൽ ഓങ്കോളജി, ക്ലിനിക്കൽ ലബോറട്ടറി സർവീസസ് ആൻഡ് ട്രാൻസ്ലേഷണൽ റിസേർച്, റേഡിയോളജി/ റേഡിയോ - ഡയഗ്നോസിസ്, റെസ്പിറേറ്ററി മെഡിസിൻ ആൻഡ് ക്രിട്ടിക്കൽ കെയർ, ന്യൂക്ലിയർ മെഡിസിൻ, കാൻസർ പാലിയേറ്റിവ് മെഡിസിൻ,

ഡെന്റിസ്ട്രി ആൻഡ് റീഹാബിലിറ്റേഷൻ, ഓങ്കോ-അനസ്തീസിയോളജി, കാൻസർ രെജിസ്ട്രറി ആൻഡ് എപിഡെമിയോളജി, പ്രിവന്റീവ് ആൻഡ് കമ്മ്യൂണിറ്റി ഓങ്കോളജി എന്നീ വിഭാഗങ്ങൾ പ്രവർത്തിച്ചു വരുന്നു.

കണ്ണൂർ ജില്ലയിലെ മങ്ങാട്ടുപറമ്പിലുള്ള വുമൺ ആൻഡ് ചൈൽഡ് ആശുപത്രിയിൽ അർബുദ ചികിത്സയുടെ ഭാഗമായി കീമോതെറാപ്പി നൽകുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഒരു ഡോക്ടർക്കും, രണ്ടു നേഴ്സുമാർക്കും എംസിസിയിൽ വച്ച് കഴിഞ്ഞ വർഷം ഇതിനുള്ള പരിശീലനം നൽകിയിട്ടുണ്ട്. ഇത് കൂടാതെ 25 ഡിസ്ട്രിക്ട് കാൻസർ സെന്ററുകൾ, തിരഞ്ഞെടുക്കപ്പെട്ട ജില്ല/ജനറൽ ആശുപത്രികളിൽ പ്രവർത്തിച്ചു വരുന്നു. ഇവിടെ കീമോ തെറാപ്പി നൽകുവാനുള്ള സൗകര്യം ലഭ്യമാണ്.

നിലവിൽ, മെഡിക്കൽ ഓങ്കോളജി, റേഡിയേഷൻ ഓങ്കോളജി, പാത്തോളജി, സർജിക്കൽ ഓങ്കോളജി എന്നീ മേഖലകളിൽ സിസിആർസി സേവനങ്ങൾ പ്രദാനം ചെയ്യുന്നു. ഓപ്പറേഷൻ തീയേറ്റർ, റേഡിയേഷൻ, കിടത്തി ചികിത്സ എന്നീ സൗകര്യങ്ങളും, വിവിധ ക്ലിനിക്കുകൾ, കാൻസർ ബോധവൽക്കരണം എന്നിവയും രോഗികൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ ലഭ്യമാക്കാൻ സി.സി.ആർ.സിക്ക് കഴിഞ്ഞിട്ടുണ്ട്. സർജിക്കൽ ഓങ്കോളജി വിഭാഗത്തിൽ ഓപ്പൺ ലാപ്പറോസ്കോപിക് സർജറി, തല-കഴുത്ത് കാൻസർ ശസ്ത്രക്രിയ, ഗൈനക്കോളജിക്കൽ ഓങ്കോ സർജറി, ഹെപാറ്റോ-ബിലിയറി ശസ്ത്രക്രിയ, ബ്രെസ്റ്റ്, ഗ്യാസ്ട്രോ എന്നീ സർജറികൾ ചെയ്തു വരുന്നു. മെഡിക്കൽ ഓങ്കോളജി വിഭാഗത്തിൽ കീമോതെറാപ്പി, ടാർഗെറ്റഡ് തെറാപ്പി (ലിമിറ്റഡ്), ഹോർമോൺ തെറാപ്പി, മെട്രോണോമിക് കീമോതെറാപ്പി എന്നിവ നൽകി വരുന്നു. കൂടാതെ ക്ലിനിക്കൽ & പാത്തോളജി ലബോറട്ടറി, ഹിസ്റ്റോപാത്തോളജി & സൈറ്റോപാത്തോളജി എന്നീ ലബോറട്ടറി സർവീസുകളും സി.ടി. സ്കാൻ, എം.ആർ.ഐ., അൾട്രാസൗണ്ട്, ഡിജിറ്റൽ മാമോഗ്രാഫി തുടങ്ങിയ ഇമേജിങ് സർവീസുകളും സി.സി.ആർ.സി നൽകി വരുന്നു.

സംസ്ഥാന ആരോഗ്യ വകുപ്പിനു കീഴിൽ 28 ആശുപത്രികളിൽ കീമോതെറാപ്പി ഉൾപ്പെടെയുള്ള സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന ഡേ കെയർ ക്യാൻസർ സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. ഇതിൽ എറണാകുളം ജനറൽ ആശുപത്രി, നല്ലൂർനാട് ട്രൈബൽ ആശുപത്രി എന്നിവിടങ്ങളിൽ റേഡിയോതെറാപ്പി സൗകര്യവും ലഭ്യമാണ്. പ്രാഥമികതലം മുതൽ വദനാർബുദം, സ്തനാർബുദം, ഗർഭാശയഗളാർബുദം എന്നിവ കണ്ടെത്തുന്നതിനായി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഉൾപ്പെടെ ക്യാൻസർ സ്ക്രീനിംഗ് നടത്തി വരുന്നു.

അർബുദം നേരത്തെ കണ്ടെത്തുന്നതിനുള്ള CT സ്കാൻ, എം.ആർ.ഐ സ്കാൻ, PET സ്കാൻ, SPECT സ്കാൻ, മാമോഗ്രാഫി മുതലായ ആധുനിക വൈദ്യശാസ്ത്ര പരിശോധനാ സൗകര്യങ്ങൾ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിൽ സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകൾ, റീജിയണൽ കാൻസർ സെന്റർ (RCC) മാതൃകയിൽ മിനി RCC യായി പ്രവർത്തിക്കുന്നുണ്ട്.

അർബുദ രോഗികൾക്ക് ആവശ്യമായ മരുന്നുകൾ മുഖേനയുള്ള ചികിത്സാ (കീമോതെറാപ്പി), റേഡിയേഷൻ ചികിത്സ (റേഡിയേഷൻ തെറാപ്പി), അർബുദ ശസ്ത്രകിയകൾ എന്നിവ സർക്കാർ മെഡിക്കൽ കോളേജുകൾ വഴി നൽകി വരുന്നുണ്ട്. റേഡിയോ തെറാപ്പി, സർജിക്കൽ ഓങ്കോളജി, മെഡിക്കൽ ഓങ്കോളജി, ജനറൽ സർജറി മുതലായ വകുപ്പുകളുടെ ഏകോപനത്തോടു കൂടി രോഗത്തിന്റെ അവസ്ഥ മനസ്സിലാക്കി രോഗികൾക്ക് ചികിത്സ ലഭ്യമാക്കുന്ന രീതിയാണ് മെഡിക്കൽ കോളേജുകളിൽ അവലംബിച്ച പോരുന്നത്.

കാൻസർ കണ്ടെത്തുന്നതിനുള്ള ഇമേജിംഗ് പരിശോധനകൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി പെറ്റ് സ്കാൻ, സ്പെക്ട് സ്കാൻ, മാമോഗ്രാഫി മുതലായ അത്യാധുനിക സൗകര്യങ്ങൾ നൂതന റേഡിയേഷൻ ചികിത്സ നൽകുന്നതിനായി High Energy Linear Acceleration (LINAC) മെഷീനുകൾ, Telecobalt മെഷീൻ, ബ്രാക്കി തെറാപ്പി സൗകര്യങ്ങൾ, റേഡിയേഷൻ ചികിത്സ കൃത്യമായി പ്ലാൻ ചെയ്യുന്നതിനുള്ള സി.റ്റി സിമുലേറ്ററുകളും മെഡിക്കൽ കോളേജിൽ നിലവിലുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ റേഡിയേഷൻ ചികിത്സയ്ക്കായുള്ള 3DCRT, IMRT, Arc therapy എന്നിവ നൽകി വരുന്നുണ്ട്. തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

കോട്ടയം മെഡിക്കൽ കേളേജിൽ 2022-ൽ സർജിക്കൽ ഓങ്കോളജി വിഭാഗം ആരംഭിച്ചു. സർജിക്കൽ ഓങ്കോളജിയും മറ്റ് ഡിപ്പാർട്ടുമെന്റുകളുമായി ചേർന്ന് ആധുനിക ക്യാൻസർ ശസ്ത്രക്രിയകൾ നടത്തുകയും ഇതൊരു ഡിവിഷനായി പ്രവർത്തിച്ചു വരികയും ചെയ്യുന്നു. Bone Marrow Transplant ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. പാലിയേറ്റീവ് ഓങ്കോളജി കേരളത്തിൽ ആദ്യമായി കോട്ടയം മെഡിക്കൽ കോളേജിൽ ആരംഭിച്ചു. ഇവിടെ ഒ.പി/ഐ.പി വിഭാഗങ്ങൾ, റെഫറൽ സിസ്റ്റവും നന്നായി പ്രവർത്തിച്ചു വരുന്നു.

കാൻസർ ഗവേഷണ രംഗത്ത് KMR, SBMR, State- Central സംയുക്ത പ്രൊജക്ടുകൾ നടന്നു വരുന്നു.

എല്ലാ മെഡിക്കൽ കോളേജുകളിലും കാൻസർ സംബന്ധമായ ഗവേഷണങ്ങൾ അദ്ധ്യാപകരും, പി.ജി വിദ്യാർത്ഥികളും നടത്തി വരുന്നുണ്ട്. Server Base Manageability Requirements വഴി ഗവേഷണങ്ങൾക്ക് റിസർച്ച് ഗ്രാന്റ് അനുവദിക്കുന്നുണ്ട്. അതോടൊപ്പം തന്നെ മെഡിക്കൽ കോളേജുകളിൽ Indian Council of Medical Research സഹായത്തോടെ കാൻസർ ഗവേഷണം നടക്കുന്നുണ്ട്.

മെഡിക്കൽ കോളേജിൽ കാൻസർ ഉൾപ്പെടെയുള്ള രോഗങ്ങളുമായെത്തുന്ന സാന്ത്വന പരിചരണം ആവശ്യമായ രോഗികൾക്ക് വേണ്ടി പാലിയേറ്റീവ് കെയർ യൂണിറ്റുകൾ നിലവിലുണ്ട്.

കേരളത്തിലെ എല്ലാ ജനങ്ങൾക്കും അവരുടെ താമസ സ്ഥലത്ത് നിന്ന് 50 കിലോമീറ്റർ ചുറ്റളവിൽ താങ്ങാനാവുന്ന നിരക്കിൽ അർബുദ രോഗ നിർണ്ണയ, ചികിത്സാ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നൂതന ആശയമാണ് കേരള കാൻസർ കെയർ ഗ്രിഡ്. നിർവചിക്കപ്പെട്ട സേവനങ്ങൾ വാഗ്ദാനം ചെയ്യുന്ന ആരോഗ്യ സ്ഥാപനങ്ങളുടെ ഒരു ശൃംഖലയായാണ് ഇത് വിഭാവനം ചെയ്തിരിക്കുന്നത്. സംസ്ഥാനത്തെ അർബുദ ചികിത്സാ സേവനങ്ങളെ, അവിടെ ലഭ്യമായ രോഗ നിർണ്ണയ ചികിത്സാ സൗകര്യങ്ങൾക്കനുസരിച്ചു നാല് തലങ്ങളായി തരം തിരിച്ചിരിക്കുന്നു. 1)**ലെവൽ 4**: മൂന്ന് അപ്പെക്സ് കാൻസർ സെന്ററുകൾ (എംസിസി, സിസിആർസി, ആർസിസി) 2) **ലെവൽ 3**: ഓങ്കോളജി വിഭാഗമുള്ള മെഡിക്കൽ കോളേജുകൾ, 3) **ലെവൽ 2**: ജില്ലാആശുപത്രികൾ, താലൂക്ക് ആശുപത്രികൾ, 4) **ലെവൽ 1:** (FHC, PHC, CHC) എന്നിവ. കാൻസർ കെയർ ഗ്രിഡിലെ ഉചിതമായ സ്ഥാപനത്തിൽ നിന്ന് രോഗിക്ക് ഗുണമേന്മയുള്ള പരിചരണം ലഭിക്കുമെന്നതിനാൽ ഇത് അനാവശ്യ യാത്രകൾ കുറയ്ക്കുകയും, രോഗനിർണ്ണയത്തിനും, തുടർ പരിചരണത്തിനും സഹായകരമാകുകയും ചെയ്യും. സർക്കാർ, സ്വകാര്യ മേഖലകളിൽ അർബുദചികിത്സ രംഗത്ത് ഏകീകൃത സ്വഭാവം കൊണ്ടുവരുന്നതിന്റെ ഭാഗമായി വിവിധ അർബുദങ്ങൾക്ക് ചികിത്സാ പ്രോട്ടോകോളുകൾ തയ്യാറാക്കി, ഇതിലൂടെ ചികിത്സ ചെലവ് കുറയ്ക്കുന്നതിനും, രോഗ അതിജീവന സാധ്യത വർധിപ്പിക്കുന്നതിനും സഹായകരമാകും.

(സി) തിരുവനന്തപുരം റീജണൽ കാൻസർ സെന്ററിലെ നിലവിലെ സൗകര്യങ്ങൾ അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്ത്

നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;വ്യക്തമാക്കാമോ;

മറുപടി: കേരളത്തിലെയും സമീപ സംസ്ഥാനങ്ങളിലെയും ജനങ്ങൾ ആശ്രയിക്കുന്ന പ്രധാന സമഗ്ര കാൻസർ ചികിത്സാ കേന്ദ്രമാണ് തിരുവനന്തപുരം റീജണൽ കാൻസർ സെന്റർ. വർധിച്ചുവരുന്ന രോഗിഭാരവും പുതിയ ചികിത്സാരീതികളും നിലവിലെ പരിമിതമായ ജീവനക്കാരിൽ വലിയ സമ്മർദ്ദം സൃഷ്ടിച്ചിരിക്കുകയാണ്.

പുതിയ 14 നില കെട്ടിടത്തിൽ വാർഡുകൾ, ICU, ഓപ്പറേഷൻ തിയേറ്ററുകൾ, ബോൺ മാരോ ട്രാൻസ്പ്ലാന്റ് യൂണിറ്റുകൾ, കീമോ ഡേ കെയർ, ഗവേഷണശാലകൾ, അക്കാദമിക് സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലെ ജീവനക്കാരെ ഇവിടേക്ക് പുനർവിന്യസിക്കുന്നത് നിലവിലുള്ള സേവനങ്ങളെ ബാധിക്കുന്നതിനാൽ ചുവടെ നൽകുന്ന പുതിയ തസ്തികകൾ അനുവദിക്കേണ്ടത് അനിവാര്യമാണ്.

മെഡിക്കൽ സ്പെഷ്യലിസ്റ്റുകൾ, ഓങ്കോളജി നഴ്സുമാർ, റേഡിയേഷൻ തെറാപ്പിസ്റ്റുകൾ, മെഡിക്കൽ ഫിസിസിസ്റ്റുകൾ, ലാബ്/ഇമേജിംഗ് ടെക്നോളജിസ്റ്റുകൾ, ഫാർമസിസ്റ്റുകൾ, സൈക്കോളജിസ്റ്റുകൾ, ഡയറ്റീഷ്യൻമാർ, മെഡിക്കൽ സോഷ്യൽ വർക്കർമാർ, ഡാറ്റ മാനേജർമാർ, ബയോമെഡിക്കൽ എഞ്ചിനീയർമാർ, അഡ്മിനിസ്ട്രേറ്റീവ് & സപ്പോർട്ട് സ്റ്റാഫ്.

ഈ നിയമനങ്ങൾ പുതിയ കെട്ടിടം പൂർണ്ണമായി പ്രവർത്തനക്ഷമമാക്കുകയും, ചികിത്സാ കാത്തിരിപ്പ് സമയം കുറയ്ക്കുകയും, ഇമ്മ്യൂണോതെറാപ്പി, BMT, ഗവേഷണം എന്നിവ ശക്തിപ്പെടുത്തുകയും ചെയ്യും. RCC-യിലെ പ്രധാന പോരായ്മകളും പരിഹാരങ്ങളും **അനുബന്ധം -II** ആയി ചേർക്കുന്നു.

(ഡി) തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിലെ രോഗികളും ജീവനക്കാരും തമ്മിലുള്ള അനുപാതം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;രോഗി ഡോക്ടർ അനുപാതം കുറവാണെങ്കിൽ മതിയായ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;വിശദീകരിക്കാമോ?

മറുപടി: ഇല്ല.

സെക്ഷൻ ഓഫീസർ

INDIAN COUNCIL OF MEDICAL RESEARCH


NEW DELHI

icmr | NINE

INDIAN COUNCIL OF MEDICAL RESEARCH | NATIONAL INSTITUTE OF NCD EPIDEMIOLOGY

NATIONAL CANCER REGISTRY PROGRAMME India

Keralam Cancer Burden Profile



2026

This report was prepared by the Indian Council of Medical Research - National Institute of NCD Epidemiology, through funding from Ministry of Health and Family Welfare, Government of India.

Published by:

Director, ICMR- National Institute of NCD Epidemiology, Bengaluru - 562 110.

Website: https://www.icmrnine.org

©Indian Council of Medical Research - National Institute of NCD Epidemiology

The contents of this publication may be reproduced and redistributed, in whole or in part, provided that they are not altered and that full acknowledgment is given to ICMR-NINE as per the citation.

Suggested citation:

Cancer Burden Profile; 2026: Keralam (ICMR-NINE), Bengaluru, India.
https://icmrnine.org/All_Reports/State_Factsheet_2026/default.aspx

Keralam
Cancer Burden Profile

Introduction and Methods

In India, cancer poses a significant public health burden. The systematic cancer data collection is ongoing since 1981 under the National Cancer Registry Programme (NCRP) of the Indian Council of Medical Research (ICMR). It is coordinated by the National Institute of NCD Epidemiology (NINE) through a network of Population and Hospital Based Cancer Registries (PBCR and HBCR). Cancer registration follows a structured, multistep process in which trained personnel gather data continuously from multiple sources, including hospitals, diagnostic laboratories, and vital statistics departments.

This Cancer Burden Profile provides a comprehensive overview for Keralam based on the latest NCRP data.[1] It reports key indicators such as incidence rates (per 100,000 population) for adult population (>19 years age), cumulative risk, leading sites of cancer (%), proportion of tobacco-related cancer sites, childhood cancer (0–19 years age), and estimated new cancer cases. Additionally, it incorporates cancer-related information, including socio-demographic profiles, health indicators, and health infrastructure sourced from other published datasets.

The definitions of the metrics are as follows:

(i) *Cancer Incidence:*
Adults: >19 years
- Crude Incidence Rate: The number of new cancers per 100,000 persons in a defined population for the specific time period.
- Age-Specific Incidence Rate: The number of new cancers per 100,000 persons in a defined population for the specific time period and specific age group.
- Childhood Cancer Incidence Rate: The number of new cancers per 1,000,000 persons (0–19 years age) in a defined population for the specific time period.

(ii) *Cumulative Risk:* The probability that an individual will be diagnosed with cancer (in the 0 to 74-year-old age group) in the absence of any competing cause of death and assuming current cancer trends prevail over time. It is expressed as the likelihood that 1 in N people will develop cancer during a specified time period.

(iii) *Estimated New Cancer Cases:* Incidence of cancer cases for 2026 and 2030 was estimated using trends in cancer incidence rate and projected population of the State.

(iv) The percentage distribution of Clinical Extent of Disease at presentation for selected anatomical sites was derived from cancer cases registered in the HBCRs under NCRP network during 2020 to 2022.

(v) Five-year Age Standardised Relative Survival (ASRS) represents the proportion (%) of patients surviving five years after diagnosis, adjusted for background mortality (survival where cancer was the only possible cause of death) and differences in age distribution.

The proportion of tobacco-related cancers was estimated using the classifications provided by the *IARC Working Group on the Evaluation of Carcinogenic Risks to Humans in Tobacco Smoke and Involuntary Smoking, 2004: Lyon, France*.

I. Cancer Burden Profile


A. Description of Cancer Registries in Keralam

PBCRs	Establishment Year	Location	Coverage Area	Area (in Sq.km)	Urban & Rural Population (%) [2]	Number of Sources in PBCRs
Kollam	2006	Regional Cancer Centre, Thiruvananthapuram Keralam	Kollam District	2491	45.0 & 55.0	196
Thiruvananthapuram	Thiruvananthapuram Taluk (2005) Thiruvananthapuram District (2012) 2 Expanded districts (2019)	Regional Cancer Centre, Thiruvananthapuram Keralam	Thiruvananthapuram taluk Thiruvananthapuram district Alappuzha, Pathanamthitta Districts	6248	53.7 & 46.3	134
Malabar	2013	Malabar Cancer Centre, Kannur	Kannur, Kasaragod and Mahe	4959	56.6 & 43.4	389
Percentage of population covered by PBCR (%) in reference to the state		39.3				
Cancer notification status (Year of notification)		Yes (2021)				
Number of HBCRs in KERALAM [3]		30				

NATIONAL CANCER REGISTRY PROGRAMME India

icmr | NINE INDIAN COUNCIL OF MEDICAL RESEARCH | NATIONAL INSTITUTE OF NCD EPIDEMIOLOGY

Cancer Registry Network - Keralam



Note - PBCR: Population Based Cancer Registry, HBCR: Hospital Based Cancer Registry.

Hospital Based Cancer Registry

Ernakulam District

1. Amrita Institute of Medical Sciences and Research Centre, Kochi
2. Aster Medcity, Kochi
3. Cochin Cancer Research Centre
4. ESIC Hospital Udyogamandal
5. General Hospital, Ernakulam
6. Lakeshore Hospital and Research Centre Ltd., Kochi
7. Medical Trust Hospital, Kochi
8. Renai Medicity, Ernakulam
9. Rajagiri Hospital, Kochi

Kozhikode District

1. Baby Memorial Hospital, Kozhikode
2. Government Dental College, Kozhikode
3. Government Medical College, Kozhikode
4. MVR Cancer Center and Research Institute, Kozhikode

Thrissur District

1. Amala Institute of Medical Sciences, Thrissur
2. Daya General Hospital Ltd., Thrissur
3. Government Medical College, Thrissur
4. Jubilee Mission Medical College and Research Institute, Thrissur

Kottayam District

1. Caritas Cancer Institute - Caritas Hospital, Kottayam
2. Government Medical College, Kottayam
3. Mar Sleeva Medicity Palai
4. Tertiary Cancer Care Centre Government Medical College, Kottayam

Kollam District

1. A. Rahim Memorial Government District Hospital, Kollam
2. ESIC Model and Super Speciality Hospital, Kollam

Alappuzha District

1. Government T.D. Medical College Hospital, Alappuzha
2. Monsignor Joseph Kandathil Memorial Cancer Research Centre, Alappuzha

Pathanamthitta District

1. Pushpagiri Institute of Medical Sciences and Research Centre, Tiruvalla
2. St. Gregorios Medical Mission Hospital, Parumala

Thiruvananthapuram District

1. Regional Cancer Centre, Thiruvananthapuram

Kannur District

1. Malabar Cancer Centre, Kannur


Malappuram District

1. MES Medical College and Hospital, Perinthalmanna


B. Cancer Burden in Adult Population (> 19 years age), 2015–2019 – Keralam

Average Annual Number of New Cases and Incidence Rate per 100,000


Kollam

Annual Average Cases	**2340**		**2314**	Annual Average Cases
Relative Proportion	**50.3%**		**49.7%**	Relative Proportion
Crude Rate	**267.9**		**217.1**	Crude Rate

Thiruvananthapuram


Annual Average Cases	2929		3248	Annual Average Cases
Relative Proportion	47.4%		52.6%	Relative Proportion
Crude Rate	257.7		246.4	Crude Rate

Malabar


Annual Average Cases	3151		2766	Annual Average Cases
Relative Proportion	53.3%		46.7%	Relative Proportion
Crude Rate	249.7		178.1	Crude Rate

Five leading sites of cancer in adults (> 19 years age)


Kollam



Thiruvananthapuram



Malabar




Note: Oral Cavity - Tongue and mouth (ICD-10: C01–C06); Colorectum – Colon and rectum (ICD-10: C18-C20)


Estimated number of new cases for all sites of cancer (> 19 years age), 2026 and 2030
Keralam

Year	Males	Females
2026	42752	44597
2030	43237	45064

Estimated number & proportion of cancer cases by top leading sites (> 19 years age) 2026 - Keralam





Males




Females


Cumulative risk of developing cancer in 0–74 years of age group, 2015–2019, Keralam








Age-specific Incidence Rates per 100,000 (All Sites of Cancer) - 2015–2019, Keralam




Proportion (%) of Tobacco-related Cancer Sites* in adults (> 19 years age), 2015–2019, Keralam [4]


Kollam



Thiruvananthapuram




Malabar




**All TRC (Tobacco-related Cancer) Sites: lip (C00), tongue (C01–C02), mouth (C03–C06), oropharynx (C10), nasopharynx (C11), hypopharynx (C12–C13), pharynx unspecified (C14), oesophagus (C15), stomach (C16), liver (C22), pancreas (C25), nose (C30), larynx (C32), lung (C33-C34), uterine cervix (C53), kidney (C64), ureter (C66), urinary bladder (C67) and myeloid leukaemia (C92) (IARC 2004).*

Five-year Age Standardised Relative Survival (ASRS) – 2012–2015, Keralam [5-7]

Kollam




Thiruvananthapuram



C. Cancer Burden in Childhood (0–19 years age), 2015–2019, Keralam


Average Annual Number of New Cases and Incidence Rate per million

Kollam




	Boys	Girls	
Annual Average Cases	44	43	Annual Average Cases
Crude Rate	117.8	119.8	Crude Rate

Thiruvananthapuram



	Boys	Girls	
Annual Average Cases	64	58	Annual Average Cases
Crude Rate	141.4	133.0	Crude Rate

Malabar




	Boys	Girls	
Annual Average Cases	85	54	Annual Average Cases
Crude Rate	138.8	92.1	Crude Rate

Estimated number of new cases for all sites of cancer in children (0–19 years age) 2026 and 2030 – Keralam

Year	Boys	Girls
2026	694	746
2030	693	749


Estimated number & proportion of cancer cases by top leading sites (0–19 years age) 2026 - Keralam



Note: Lymphoid Leuk. - Lymphoid Leukaemia; Myeloid Leuk. - Myeloid Leukaemia.; NHL- Non-Hodgkin Lymphoma

D. Clinical Profile of Cancer

Clinical Extent of Disease at presentation for cancers of selected anatomical sites



Note: Keralam Cancer patients registered from HBCRs under the NCRP network

E. Disability-adjusted life years (DALYs) per 100,000 Population – Keralam

Age-standardized cancer burden DALYs per 100,000 population in KERALAM [8]	
Both sexes	2104
Males	2281
Females	1952

II. Cancer Related Information – Keralam

A. Socio-demographic profile [2,9]

a) Population

Total	33406061
Males	16027412
Females	17378649
Gender Ratio	1084
Population ≥ 60 years (%)	41,93,393 (13%)
Urban (%) & Rural (%)	48.0% & 52.0%
Proportion of multidimensionally poor in the population	0.55%

(b) Literacy Rate

Total	94.0 %
Males	96.1 %
Females	92.1 %

B. Health Indicators

a) Health Index Score [10] 82.2

b) Human Development Index [11] 0.745

c) Life Expectancy at birth (2022) [12]

Males	71.9 years
Females	78.0 years

d) Proportion of total disease burden from NCDs [13] 74.6%

e) Proportion of Medically Certified Deaths – Neoplasms [14] 15.3%

f) Prevalence of cancer-related risk factors

Prevalence of current tobacco use (smoking and/or smokeless) (age 15 years and above) [15]

Males	16.9 %
Females	2.2 %

Prevalence of alcohol use in males and females (age 15 years and above) [15]

Males	19.9 %
Females	0.2 %

Proportion of households using clean fuel for cooking [15]		72.1 %
Proportion of overweight/obesity in males and females (age 15-49 years) [15]		
	Males	36.4 %
	Females	38.1 %
g) Prevalence of other NCDs' [15]		
Hypertension (age 15 years and above)		
	Males	32.8 %
	Females	30.9 %
Raised random blood glucose level (age 15 years and above)		
	Males	27.0 %
	Females	24.8 %
C. Health Infrastructure		
(a) Government health facilities [16]		
• Sub-centres + Health and Wellness Centres – Sub Centres (HWC-SCs)		5412
• Primary Health Centres + Health and Wellness		944
• Community Health Centres		230
• District hospitals		48
(b) Number of Medical Colleges [17]		33
(c) Regional / Tertiary Cancer Care Centres [18,19]		
• Regional Cancer Centre, Thiruvananthapuram (RCC*/SCI**)		
• Government Medical College, Kozhikode (TCCC ***)		
d) State Government Health Schemes [20]		
• Pradhan Mantri Jan Arogya Yojana - Karunya Arogya Suraksha Paddhati (PMJAYKASP)		
• Karunya Benevolent Fund (KBF)		
• Arogyakiranam		
• Sukrutham		
• Cancer Suraksha scheme		
Number of palliative Care Centre's [21]		443
HBV vaccination coverage (12-23 months - 3 doses) [15]		83.0 %
Cancer screening program [15]		
Women (age 30-49 years)		
Ever undergone a screening test for cervical cancer		3.5 %
Ever undergone a breast examination for breast cancer		2.4 %
Ever undergone an oral cavity examination for oral cancer		0.7 %
Men (age 30-49 years)		
Ever undergone an oral cavity examination for oral cancer		0.5 %

**RCC: Regional Cancer Centre; **SCI: State Cancer Institute; ***TCCC: Tertiary Cancer Care Centre*

Note: *New estimates used updated registry data, more PBCRs, and improved methods. Hence, comparisons with previous estimates may not reflect actual changes in cancer burden.*

References

1. National Cancer Registry Programme Investigator Group. Cancer Incidence and Mortality Across 43 Cancer Registries in India. JAMA Netw Open. 2025;8(8):e2527805. doi:10.1001/jamanetworkopen.2025.27805

2. Census 2011. Office of the Registrar General & Census Commissioner, India. Ministry of Home Affairs, Government of India.

3. Cancer Samiksha. https://www.ncdirindia.org/cancersamiksha/reg_HBCRHistory.aspx

4. IARC Working Group on the Evaluation of Carcinogenic Risks to Humans. Tobacco smoke and involuntary smoking, 2004: Lyon, France.

5. Sathishkumar K, Sankarapillai J, Mathew A, et al. Breast cancer survival in India across 11 geographic areas under the National Cancer Registry Programme. Cancer. 2024;130(10):1816-1825. doi:10.1002/cncr.35188

6. Sathishkumar K, Sankarapillai J, Mathew A, et al. Survival of patients with cervical cancer in India – findings from 11 population-based cancer registries under National Cancer Registry Programme. The Lancet Regional Health - Southeast Asia. 2023; 24:100296. doi: 10.1016/j.lansea.2023.100296

7. Sathishkumar K, Sankarapillai J, Santhappan S, et al. Geographic Disparities in Oral Cancer Survival From 10 Population-Based Cancer Registries in India. JAMA Network Open. 2025;8(4): e253910. doi: https://doi.org/10.1001/jamanetworkopen.2025.3910

8. Kulothungan V, Sathishkumar K, Leburu S, Ramamoorthy T, Stephen S, Basavarajappa D, et al. Burden of cancers in India - estimates of cancer crude incidence, YLLs, YLDs and DALYs for 2021 and 2025 based on National Cancer Registry Program. BMC Cancer 2022; 22:527. https://doi.org/10.1186/s12885-022-09578-1.

9. India a progress review 2023 national multidimensional poverty index, Niti Aayog. (n.d.). https://www.niti.gov.in/sites/default/files/2023-07/National-Multidimentional-Poverty-Index-2023-Final-17th-July.pdf

10. Ministry of health & family welfare & Niti Aayog. (n.d.). Healthy states progressive India report on the ranks of states and union territories health index round iv 2019-20. https://www.niti.gov.in/sites/default/files/2021-12/NITI-WB_Health_Index_Report_24-12-21.pdf

11. Subnational HDI - Subnational HDI - Table - Global Data Lab. https://globaldatalab.org/shdi/table/shdi/IND/?levels=1+4&interpolation=0&extrapolation=0. Accessed: December 18, 2024

12. SRS-based abridged life tables 2016-20 Office of the Registrar General & Census Commissioner, India, Ministry of Home Affairs, Government of India, New Delhi.

13. India: Health of the Nation's States — The India State-Level Disease Burden Initiative. New Delhi: ICMR, PHFI, and IHME; 2017.

14. Office of the Registrar General & Census Commissioner, India. Ministry of Home Affairs, Government of India, Report on medical certification of cause of death, 2022.

15. International Institute for Population Sciences (IIPS) and ICF. National Family Health Survey (NFHS 5), State Factsheet - Kerala, 2019-20: India. Mumbai: IIPS

16. Government of India. Ministry of Health and Family Welfare. Statistics Division Rural Health Statistics, 2021-22.

17. National Medical Commission. (www.nmc.org.in). Accessed: April 14, 2025

18. Press Information Bureau (https://pib.gov.in/PressReleasePage.aspx?PRID=1986701). Accessed: April 1, 2025

19. National Cancer Control Programme | Ministry of Health and Family Welfare | GOI. Mohfw.gov.in, 2019, https://mohfw.gov.in/?q=en/Organisation/Departments-of-Health-and-Family-Welfare/national-cancer-control-programme. Accessed: April 1, 2025.

20. Regional Cancer Centre (RCC) Patient Welfare Services. (n.d.). Regional Cancer Centre, Thiruvananthapuram: https://www.rcctvm.gov.in/patient-welfare.php. Accessed: January 18, 2025

21. Indian Association of Palliative Care, Palliative care directory: https://www.palliativecare.in/palliative-care-centres-Kerala/?cf_id=30951. Accessed: 1 March 2025

Name change alert:

Indian Council of Medical Research – National Centre for Disease Informatics and Research (ICMR-NCDIR) has been renamed as the Indian Council of Medical Research – National Institute of NCD Epidemiology (ICMR-NINE).

ICMR - National Institute of NCD Epidemiology
II Floor of Nirmal Bhawan, ICMR Complex
Poojanhalli Road, Off NH-7,
Adjacent to Trumpet Flyover of KIAL
Kannamangala Post Bengaluru - 562 110.
India.

www.icmrnine.org

https://x.com/icmrnine

https://www.instagram.com/icmrnine/

https://www.linkedin.com/company/icmr-nine/